# ബജറ്റ്: കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദിന്റെ പ്രതികരണം

ജനോപകാരപ്രദമായതും, പിന്നോക്ക വിഭാഗങ്ങൾക്കും, കർഷകർക്കും പ്രത്യേക പരിഗണ ന നൽകിക്കൊണ്ടുമുള്ള ബജറ്റാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത്. പിന്നോക്ക വിഭാഗ ത്തെ സംബന്ധിച്ചിടത്തോളം അലീഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ ഓഫ് കാംപസ്, ബംഗാളിൽ മുർഷിദാബാദിലും കേരളത്തിൽ മലപ്പുറത്തും തുടങ്ങുന്നതിന് 50 കോടി വകയിരുത്തിയതും 200 കോടി രൂപ മൗലാനാ ആസാദ് എജ്യുക്കേഷൻ ഫൗണ്ടേഷനു വകയിരുത്തിയതും വലിയ നേട്ടമാണ്.

കാർഷിക രംഗത്ത് പ്രത്യേകിച്ച് നബാർഡിന് 3000 കോടിയോളം ബജറ്റിൽ നീക്കിവെച്ചു. ഹൗസിംഗ് ലോണിന്റെ പരിധി 20 ലക്ഷത്തിൽ നിന്നും നിന്നും 25 ലക്ഷം രൂപയാക്കി. പാൽ, പഴവർഗ്ഗങ്ങൾ, കോഴി വളർത്തൽ, മത്സ്യവളർത്തൽ, തുടങ്ങിയ ചെറുകിട ഉൽപാദ ന മേഖലയിൽ ഉൽപാദനവും വിതരണവും അഭിവൃദ്ധിപ്പെടുത്താൻ വിപുലമായ പദ്ധതി കൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൈത്തറി, കാർഷിക, ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞത് ആശ്വാസകരമാണ്. സിമന്റിന് വിലകുറച്ചത് കെട്ടിടനിർമ്മാണ മേഖലക്ക് ആശ്വാസമായി.

അംഗനവാടി ജീവനക്കാരുടെ വേതനം ഇരട്ടിപ്പിച്ചു. പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിൽ അനവധി പദ്ധതികൾക്കായുള്ള ഫണ്ടിൽ 24 ശതമാനം വർദ്ധനവുണ്ട്. ഉദാഹരണമായി സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിലേക്ക് 21000 കോടിയാണ് ഈ വർഷത്തെ ബജറ്റിൽ അനുവദിച്ചത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 40 ശതമാനം കൂടുതലാണ്. പ്രീമെട്രിക് സ് കോളർഷിപ്പ് ഈ വർഷം മുതൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ത്തിൽപ്പെട്ട അർഹിക്കുന്ന കുട്ടികളെയും ഉൾപ്പെടുത്തും.

ആരോഗ്യമേഖലയിൽ ബജറ്റിൽ ഏകദേശം 20 ശതമാനം പ്ലാൻ അലോക്കേഷൻ കൂടുതലാ യി നീക്കിവെച്ചു. പ്രത്യേകിച്ച് രാഷ്ട്രീയ സ്വാസ്ഥ്യ ഭീമാ യോജന വിപുലീകരിക്കാൻ തീരു മാനിച്ചു. ആദായ നികുതിയിളവിൽ 20000 രൂപ വർദ്ധിപ്പിച്ചു. നികുതിയിളവിന്റെ കാര്യ ത്തിൽ സീനിയർ സിറ്റിസൺസിന്റെ പ്രായപരിധി 65-ൽ നിന്ന് 60 വയസ്സായി കുറക്കുകയും 80 വയസ്സിനു മുകളിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്തു.

യാഥാർത്ഥ്യ ബോധത്തോടുകൂടിയതും ക്ഷേമപദ്ധതികൾ ധാരാളം ഉൾക്കൊള്ളുന്നതുമായ ഈ ബജറ്റ് ഇന്ത്യ നേടിയെടുത്ത സാമ്പത്തിക ഭദ്രത വിളിച്ചോതുന്നതാണ്.

***